# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 611

## 02.4.2017 - ലെ മറുപടിയ്ക്ക്

## ട്രഷറി നവീകരണത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ. ഡി. പ്രസേനൻ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ധന മാനേജ്മെന്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ട്രഷറി നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവത്ക്കരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ നടപ്പിലാക്കിയ പദ്ധതിയാണ് സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS). വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുക, മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക തുടങ്ങിയവയാണ് IFMS ന്റെ ഉദ്ദേശ്യം. ആധുനിക കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിൽ ഇ-ഗവേർണസ് പദ്ധതിയുടെ അന്ത:സത്ത ഉൾക്കൊള്ളുന്നതിലും, കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവയ്പ്പാണ് IFMS ലൂടെ കൈവരിച്ചിട്ടുള്ളത്.<br>IFMS സംവിധാനത്തിൽ പ്രധാനമായും താഴെപ്പറയുന്ന ഘടകങ്ങളാണ് ഉള്ളത്.<br>(I) <u>Revenue Management – e-treasury</u><br>ലോകത്ത് എവിടെനിന്നും സർക്കാരിലേയ്ക്ക് 24 മണിക്കൂറും കറൻസി രഹിത ഇടപാടുകൾക്കുള്ള സൗകര്യം.<br>(ii) <u>Budget Management</u><br>(iii) <u>Expenditure Management</u><br>സംസ്ഥാനത്ത് എല്ലായിടത്തും സമാനമായ രീതിയിൽ ധനവിനിയോഗം നടപ്പിലാക്കുന്നതിനായി |

കേന്ദ്രീകൃത ട്രഷറി മാനേജ്മെന്റ് സംവിധാനം Core TIS ലൂടെ സാധ്യമാകുന്നു. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-kuber പോർട്ടലുമായി ബന്ധിപ്പിച്ച് പണം ഇടപാടുകാരുടെ അക്കൗണ്ടിൽ എത്തിക്കുന്നു.

(iv) SPARK

സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും വെബ് അധിഷ്ഠിത സെൻട്രൽ ഡേറ്റാ ബേസായ സ്പാർക്കിൽ ശേഖരിച്ചിട്ടുണ്ട്. ജീവനക്കാരുടെ എച്ച് ആർ സംബന്ധമായ എല്ലാ ബില്ലുകളും സ്പാർക്കിലൂടെ ഓൺലൈനായി സമർപ്പിക്കുന്നു.

(v) Bill Information Management System (BIMS)

സർക്കാർ വകുപ്പിലെ ജീവനക്കാരുടെ എച്ച് ആർ സംബന്ധമല്ലാത്ത എല്ലാ ബില്ലുകളും BIMS ലൂടെ ഓൺലൈനായി സമർപ്പിക്കുന്നു.

(vi) Budget Allocation and Monitoring System (BAMS)

വിവിധ വകുപ്പുകൾക്കുള്ള ബജറ്റ് അലോട്ട്മെന്റുകൾ ഓൺലൈനായി വിതരണം ചെയ്യുവാൻ സാധിക്കുന്നു. പണം ഇലക്ട്രോണിക് ബിൽ സംവിധാനത്തിലൂടെ ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നു. ഒരു സ്ഥലത്ത് മാത്രം ഡേറ്റാ എൻട്രി നടത്തുന്നതിനാൽ മനുഷ്യവിഭവ ശേഷി ലാഭിക്കുവാനും തെറ്റുകൾ കുറയ്ക്കാനും കഴിയുന്നു. കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്താൻ കഴിയും.

(vii) കേന്ദ്രീകൃത പെൻഷൻ നിർവ്വഹണ സംവിധാനം (PIMS)

സംസ്ഥാന സർക്കാരിനു കീഴിൽ വരുന്ന എല്ലാ പെൻഷൻകാരേയും കേന്ദ്രീകൃത പെൻഷൻ സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യം (Jeevan Praman) നിലവിൽ വന്നു.

(viii) ട്രഷറി കോർ ബാങ്കിംഗ് സംവിധാനം

ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം

| | | |
|---|---|---|
| | | നിലവിൽ വന്നതോടുകൂടി ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിനും പണം നിക്ഷേപിക്കുന്നതിനും സാധിക്കുന്നുണ്ട്. വിവിധ യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്. ഏത് അക്കൗണ്ടിലേയ്ക്കും പണം ഇലക്ട്രോണിക്കായി കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്.<br>(ix) <u>അക്കൗണ്ട്സ് മാനേജ്മെന്റ് (IAMS)</u><br>കമ്പ്യൂട്ടർവത്കൃത സംവിധാനത്തിലൂടെ വരവ് ചെലവ് കണക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാൻ കഴിയുന്നു. അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ട്രഷറിയും അക്കൗണ്ടന്റ് ജനറലുമായി ഓൺലൈനായി കൈമാറ്റം ചെയ്യാൻ കഴിയുന്നു.<br>(x) <u>Ways and Means Management (WAMS)</u><br>ഫലപ്രദമായ ലിക്വിഡിറ്റി മാനേജ്മെന്റിനായി ഓൺലൈൻ സംവിധാനമായ WAMS മുഖേന സാധിക്കുന്നു.<br>സർക്കാർ സേവനങ്ങൾക്കായി ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെയും ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ മുഖേനയും പണം അടയ്ക്കുന്ന രീതി നിലവിൽ വന്നു കഴിഞ്ഞു. ഫെഡറൽ ബാങ്കുമായി സഹകരിച്ച് ബാങ്കുകളുടെ നെറ്റ് വർക്ക് ഉൾപ്പെടുത്തി ബാങ്കുകളുടെ എ.റ്റി.എം. കളിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള എ.റ്റി.എം. കാർഡ് ഏർപ്പെടുത്തി റ്റി.എസ്.ബി ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ധന മാനേജ്മെന്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് ഓൺലൈൻ പേയ്മെന്റുകൾ നടക്കുന്ന സമയത്തു തന്നെ അവയുടെ വിവരങ്ങൾ സർക്കാരിന് അപ്പപ്പോൾ തന്നെ അറിയാൻ കഴിയുന്നു. തത്സമയ മോണിറ്ററിംഗും ഇപ്പോൾ സാധ്യമാകുന്നുണ്ട്. |
| (ബി) | ട്രഷറി ഇടപാടുകാർക്ക് ബാങ്കുകൾ നൽകുന്ന തരത്തിലുള്ള ആധുനിക ഇലക്ട്രോണിക് സംവിധാനം വഴിയുള്ള സേവനങ്ങൾ | ട്രഷറി ഇടപാടുകാർക്ക് ബാങ്കുകൾ നൽകുന്ന തരത്തിലുള്ള ആധുനിക ഇലക്ട്രോണിക് സംവിധാനം വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന |

| | | |
|---|---|---|
| | ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ട്രഷറികളിൽ ലഭ്യമാക്കാൻ പര്യാപ്തമായ വിധം ജീവനക്കാരെ പ്രാപ്തമാക്കുമോ; | തരത്തിലുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബാങ്കുകളിലെ ജീവനക്കാരുടേതുപോലെ ബാങ്കിംഗ് മേഖലയിൽ കഴിവും ശേഷിയുമുള്ള ജീവനക്കാരാണ് ട്രഷറിയിലുള്ളത്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ട്രഷറികളിലും ലഭ്യമാക്കാൻ പര്യാപ്തമാംവിധം ജീവനക്കാർ ഇതിനോടകം സജ്ജരായിക്കഴിഞ്ഞു. ഇതിനുതകുന്ന തരത്തിലുള്ള തുടർ പരിശീലന പരിപാടികളാണ് ട്രഷറി വകുപ്പിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. |
| (സി) | പുതിയ കേന്ദ്ര ധനബില്ലിന്റെ അടിസ്ഥാനത്തിൽ സീനിയർ സിറ്റിസൺസിന്റെ ബാങ്കുകളിലുള്ള സ്ഥിര നിക്ഷേപത്തിന്റെ പലിശയിൽ നിന്ന് ആദായ നികുതി സ്രോതസ്സിൽ പിടിക്കേണ്ടതില്ലാത്തതു കൊണ്ടും അമ്പതിനായിരം രൂപ വരെയുള്ള പലിശയ്ക്ക് നികുതി നൽകേണ്ടതില്ലാത്തതിനാലും ട്രഷറികളിലെ നിക്ഷേപത്തിൽ ഗണ്യമായ ഭാഗം ബാങ്കുകളിലേയ്ക്ക് മാറാനിടയുള്ളത് കണക്കിലെടുത്ത് 60 വയസ്സ് കഴിഞ്ഞ നിക്ഷേപകർക്ക് അര ശതമാനം അധിക പലിശ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | സംസ്ഥാനത്തെ മറ്റു ബാങ്കിംഗ് സ്ഥാപനങ്ങളെക്കാൾ ഉയർന്ന പലിശ നിരക്കാണ് നിലവിൽ ട്രഷറിയിലുള്ളത്. മാത്രമല്ല, സ്ഥിര നിക്ഷേപത്തിന് സീനിയർ സിറ്റിസൺസിനു നിലവിൽ അരശതമാനം പലിശ അധികം നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ